# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. DE III (2)/1263145/2025-KPSC തിരുവനന്തപുരം

തീയതി: 07.07.2026

## എലിജിബിലിറ്റി ടെസ്റ്റ് 2026

## വിജ്ഞാപനം

### പൊതു നിർദ്ദേശങ്ങൾ

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ ONE TIME REGISTRATION (OTR) പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.
2. 2013 മുതൽ അർഹതാനിർണ്ണയ പരീക്ഷകൾ Objective Type (OMR/Online) മൂല്യനിർണ്ണയം) രീതിയിലാണ് നടത്തുന്നത്. **Alpha Code ബാധകമായിട്ടുള്ള OMR പരീക്ഷയാണ് നടത്തുന്നത്.** ഒരു പരീക്ഷയ്ക്ക് പരമാവധി മാർക്ക് 100-ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40-ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും $^1/_3$ (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും.

അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി ONE TIME REGISTRATION (OTR) ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനന തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം, സർവ്വീസ് കാലയളവ് മുതലായവ നൽകുന്നതോടൊപ്പം

തങ്ങളുടെ ആറുമാസത്തിനകം എടുത്ത ഫോട്ടോഗ്രാഫും upload ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

അപേക്ഷകർക്ക് തങ്ങളുടെ 'User ID', പാസ്സ്.വേർഡ് (Password) എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(a) രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ മാതൃക:

1. **ഫോട്ടോ 31.12.2016-ന് ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്തിരിക്കണം.**

2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.

3. **200** പിക്സെൽ ഉയരവും, **150** പിക്സൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും **30kb** ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ ഉള്ള പശ്ചാത്തലം ആയിരിക്കണം).
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കുന്നതുമാകണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്കവിധത്തിലായിരിക്കണം.
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ, യൂണിഫോം ധരിച്ചുകൊണ്ടുള്ള ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.

8. മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo യും സ്വീകരിക്കുന്നതല്ല.

9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.

(1–9 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.)

(b) പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ലഭ്യമാക്കുന്നതും ആയത് Download ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

(c) **Online Application** പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിച്ചിരിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിലും കമ്മീഷന്റെ ജില്ലാ / മേഖലാ ആഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

(d) പരീക്ഷയ്ക്കുള്ള സ്ഥലം, തീയതി, സമയം എന്നിവ യഥാസമയം പത്രമാധ്യമങ്ങളിലൂടെയും, പി. എസ്. സി. വെബ്സൈറ്റിലൂടെയും പരസ്യപ്പെടുത്തുന്നതാണ്. കൂടാതെ സമയ വിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ / മേഖലാ ആഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷയുടെ ടൈംടേബിൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപ്പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. **അർഹതാ നിർണ്ണയ പരീക്ഷ ബന്ധപ്പെട്ട സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ Approved Probationer or Full Member ആയിരിക്കണം.**

4. അപേക്ഷാഫീസ്:– അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

(എ) **അഡ്മിഷൻ ടിക്കറ്റ് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷാവേളയിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള ഫോട്ടോയും, കമ്മീഷന്റെ**

**എംബ്ലവും ഉള്ള അഡ് മിഷൻ ടിക്കറ്റ് ഹാജരാക്കാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. അഡ് മിഷൻ *ടിക്കറ്റ് സർട്ടിഫൈ ചെയ്യുന്ന വ്യക്തിയുടെ പേരും ഔദ്യോഗിക പദവിയും വിലാസവും, ഒപ്പിനു താഴെ രേഖപ്പെടുത്തേണ്ടതും നിശ്ചിത സ്ഥലത്ത് ഓഫീസ് സീൽ പതിപ്പിക്കേണ്ടതുമാണ്. ആഫീസ് സീൽ ഔദ്യോഗിക പദവിയ്ക്ക് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.***

(ബി) **പരീക്ഷാസമയത്ത് യഥാവിധി സാക്ഷ്യപ്പെടുത്തിയ അഡ് മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പരീക്ഷാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. പരീക്ഷാസമയത്ത് ന്യൂനതയുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഹാജരാക്കുന്ന പരീക്ഷാർത്ഥികൾക്ക് ന്യൂനത പരിഹരിക്കുവാൻ പിന്നീട് അവസരം നൽകുന്നതല്ല.**

5. അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് 40% (നാൽപ്പത് ശതമാനം) ആണ്.

(a) ടെസ്റ്റുകളിൽ പ്രായോഗിക പരീക്ഷകൾ ഉണ്ടെങ്കിൽ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ വച്ചോ കമ്മീഷൻ സൗകര്യപ്രദമായി തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും. പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതാണ്.

6. മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

7. പരീക്ഷകളുടെ ചീഫ് സൂപണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ പരീക്ഷാഹാളിൽ ബുക്കുകൾ, ഗൈഡുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ കൊണ്ടുവരികയോ ചെയ്യുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. അതിനു പുറമെ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം അർഹതാ നിർണ്ണയ പരീക്ഷകൾ എഴുതുന്നതിൽ നിന്നും തടഞ്ഞുവയ്ക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു

പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി വകുപ്പ മേധാവികളേയും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറേയും അറിയിക്കുന്നതാണ്. കമ്മീഷനംഗങ്ങളെയോ കമ്മീഷൻ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

8. പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ്ഫർ/ട്രെയിനിംഗ് കാരണം പരീക്ഷാ സെന്റർ മാറ്റികിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനുശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷ തുടങ്ങുന്നതിനു മുമ്പ് തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം ജോയിന്റ് സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്റർ മാറി പരീക്ഷയെഴുതുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. അർഹതാ നിർണ്ണയ പരീക്ഷാ സംബന്ധമായുള്ള എഴുത്തുകുത്തുകളെല്ലാം **ജോയിന്റ് സെക്രട്ടറി (വകുപ്പുതല പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻകോഡ് – 695 004** എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.

9. താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

   1) നിർദ്ദേശപ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ.
   2) അപേക്ഷയിലും ഫോട്ടോയിലും സർട്ടിഫിക്കറ്റിലും ഉള്ള പേരിലുള്ള വ്യത്യാസം.

**പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും ഉത്തരക്കടലാസുകൾ അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.**

10. താഴെ പറയുന്ന ന്യൂനതകളുള്ള ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.
    1) അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ യഥാവിധി നിർവ്വഹിക്കാതിരിക്കുക.
    2) അഡ്മിഷൻ ടിക്കറ്റ് പ്രകാരം അനുവദിക്കാത്ത പരീക്ഷ എഴുതുക.
    3) ഫോട്ടോ വ്യക്തമാകാത്ത അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുക.

11. അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളിൽ ആദ്യഘട്ട സൂക്ഷ്മ പരിശോധനയിൽ സാധുവായി കണ്ടെത്തുന്നവരെ മാത്രം സോപാധികമായി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. പരീക്ഷാ സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റ് പരിശോധിച്ച ശേഷം ക്രമപ്രകാരം എന്ന് കണ്ടെത്തുന്നവരുടെ മാത്രം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണ്.

12. അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾക്ക് തെളിവായി വകുപ്പ് മേധാവി / ആഫീസ് മേധാവി നൽകുന്ന സാക്ഷ്യപത്രമാണ് സ്വീകരിക്കുന്നത്. എന്നാൽ തെറ്റായി സാക്ഷ്യപത്രം നൽകി പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർത്ഥികളുടെ പരീക്ഷാഫലം മുൻകാലപ്രാബല്യത്തോടെ റദ്ദ് ചെയ്യുന്നതിന് കമ്മീഷന് അധികാരം ഉണ്ടായിരിക്കും. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ക്കെതിരെ കമ്മീഷന് യുക്തമെന്നു തോന്നുന്ന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനു പുറമെ, വകുപ്പുതല ശിക്ഷണ നടപടികൾക്ക് അതതു വകുപ്പുകളിലേയ്ക്ക് ശുപാർശ നൽകുന്നതുമായിരിക്കും.

13. **അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully Uploaded/Received) എന്നതു കൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് സ്വന്തമായി download ചെയ്യാവുന്നതാണ്.**

14. പരീക്ഷയുടെ സിലബസ് ഉൾപ്പെടെയുള്ള മറ്റ് വിവരങ്ങൾ ടൈംടേബിളിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

15. അർഹതാ നിർണ്ണയ പരീക്ഷ പാസ്സായി Eligibility List - ൽ ഉൾപ്പെട്ട എന്നതിനാൽ മാത്രം പ്രൊമോഷൻ ലഭിക്കുന്നതല്ല. ബന്ധപ്പെട്ട വകുപ്പുകളിൽ ഉണ്ടാകുന്ന നിശ്ചിത ശതമാനം ഒഴിവുകളിലേയ്ക്ക് ടി തസ്തികയുടെ സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് യോഗ്യതകൾ കൂടി ഉള്ളപക്ഷം നിയമപ്രകാരം നിയമനാധികാരി പ്രൊമോഷൻ നൽകുന്നതാണ്.

16. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക

# <u>സർവ്വീസ് സർട്ടിഫിക്കറ്റ്</u>

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും. :
3. ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര്:
4. ഉദ്യോഗാർത്ഥി ഏത് സർവ്വീസിൽപ്പെടുന്നു എന്ന് :
5. സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും. :
6. അപേക്ഷകൻ പ്രൊബേഷണറോ, അപ്രൂവ്.ഡ് പ്രൊബേഷണറോ, ഫുൾ മെമ്പറോ എന്ന് :
7. എസ്.സി. / എസ്.റ്റി. / ഒ.ബി.സി. എന്നിവരുടെ കാര്യത്തിൽ സമുദായം / മതം സർവ്വീസ് രേഖകളിൽ കാണും പ്രകാരം. :

8. സർവ്വീസ് വിശദാംശങ്ങൾ:

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലം | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| **ആകെ സർവ്വീസ്** | | | | | | | |

## <u>സാക്ഷ്യപത്രം</u>

**............................................ സബോർഡിനേറ്റ് സർവ്വീസിൽ .................................... അപ്രൂവ്ഡ് പ്രൊബേഷണർ / ഫുൾ മെമ്പർ ആയ ശ്രീ. / ശ്രീമതി. ............................................... എന്ന ഉദ്യോഗസ്ഥയെ / ഉദ്യോഗസ്ഥനെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെട്ടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.**

**സ്ഥലം:**

**തീയതി:** **ഒപ്പ്:**

**ഓഫീസ് തലവന്റെ പേര്:**

**ഉദ്യോഗപ്പേര്:**

**(ഓഫീസ് മുദ്ര)**

**ഗസറ്റ് തീയതി : 31/07/2026**

**അവസാന തീയതി : 02/09/2026**

**കാറ്റഗറി നമ്പർ: 129/2026**

**എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ**

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ നിശ്ചിത ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം വഴി നിയമനം ലഭിക്കുന്നതിനുള്ള അർഹത നിർണ്ണയ (Eligibility Test) പരീക്ഷയ്ക്കുവേണ്ടി പ്രസ്തുത സ്ഥാപനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽപ്പെടുന്ന സബോർഡിനേറ്റ് കേഡർ തസ്തികകളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.**

**1). യോഗ്യതകൾ:-**

1. എസ്.എസ്.എൽ.സി. യോ തത്തുല്യമായ യോഗ്യതയോ നേടിയിരിക്കണം.
2. കമ്പനിയുടെ സബോർഡിനേറ്റ് സർവ്വീസിൽ 2 വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിയിരിക്കണം.
3. ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ Approved Probationer or Full Member ആയിരിക്കണം.

**2). പ്രായപരിധി: ബാധകമല്ല.**

**3). പരീക്ഷ:** ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം / ONLINE) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.

**4). അപേക്ഷാ ഫീസ്:-** ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

5). **<u>അപേക്ഷ അയക്കേണ്ട രീതി:</u>** അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. **വിശദ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.**

**കുറിപ്പ് :-** i). വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii). അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പരീക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത കൂടാതെ അപേക്ഷയിലെ മറ്റ് വിവരങ്ങൾ ശരിയാണെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ, ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.

iii). **കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40% ആയി നിശ്ചയിച്ചിരിക്കുന്നു.**

6). **<u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി:</u>- 02/09/2026 (ബുധനാഴ്ച) അർദ്ധരാത്രി 12 മണി വരെ.**

**(ഒപ്പ്)**

**സാജു ജോർജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

**പട്ടം, തിരുവനന്തപുരം-695 004.**